ഉത്തരം

(എ) അഞ്ചര വർഷം.

(ബി) ഉണ്ട്. ചില കരാറുകാരുടെ അനാസ്ഥ കാരണം ഈ പദ്ധതിയുടെ പണികൾ മന്ദഗതിയിലാണ് നടന്നിരുന്നതെങ്കിലും ഇപ്പോൾ ഈ പദ്ധതിയുടെ പല ഘടകങ്ങളുടേയും പണികൾ ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്.

(സി) 2000-ാം ആണ്ടിൽ.

(ഡി) ഉണ്ട്. ഈ പദ്ധതി "2000-ാം ആണ്ടിൽ എല്ലാവർക്കും കുടിവെള്ളം" എന്ന സ്കീമിൽ ഉൾപ്പെടുത്തി ത്വരിതഗതിയിൽ പണികൾ നടന്നുവരുന്നു.

(ഇ) ആറ്റിങ്ങൽ വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്കും വർക്കല സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്കുമാണ് ഇപ്പോൾ ഈ വർക്കിന്റെ ചുമതല.

33 (199) വെള്ളായണി ശുദ്ധജല വിതരണ പദ്ധതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി ശുദ്ധജലതടാകത്തോടനുബന്ധിച്ചുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് എത്ര വർഷംകൊണ്ട് പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) എന്തു തുകയാണ് ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി പ്രവർത്തനം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെള്ളായണി ശുദ്ധജലവിതരണ പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കേന്ദ്രസർക്കാരിന്റെ ടെക്നോളജിമിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കുന്ന ഒരു പദ്ധതിയാണിത്. വെള്ളായണി കായലിലെ ജലലഭ്യത കണക്കാക്കുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭൗമശാസ്ത്രപഠനകേന്ദ്രം റിപ്പോർട്ടു തയ്യാറാക്കി വരുന്നു. ഒരു മാസത്തിനുള്ളിൽ പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭിക്കും. റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞതിനുശേഷം പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ ടെക്നോളജിമിഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചും സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും 4 വർഷംകൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) 1999-2000-ാമാണ്ടിലെ ബഡ്ജറ്റിൽ പ്രാരംഭ നടപടികൾക്കായി 20.49 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം, ഫണ്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

34 (200) അയർകുന്നം-കുരോപ്പട-പാമ്പാടി-മീനടം ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയർകുന്നം-കുരോപ്പട-പാമ്പാടി-മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്ന് സ്കീം പൂർണ്ണമായി കമ്മിഷൻ ചെയ്യുമെന്നും അതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) ശുദ്ധീകരിച്ച വെള്ളം അടുത്ത വേനൽകാലത്തിനുമുൻപ് വിതരണം ചെയ്യണമെന്ന ആവശ്യം അനുഭാവപൂർവം പരിഗണിക്കുമോ;

(ഡി) എന്നുമുതൽ ശുദ്ധീകരിക്കുന്ന വെള്ളം വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ കിണറിന്റെ പണി പൂർത്തിയായി. പമ്പ് ഹൗസിന്റെ പണിക്ക് ടെണ്ടർ നടപടികൾ എടുത്തുവരുന്നു. വാഴപ്പറമ്പ്, മാതൃമല, എളപ്പാതി, പൊത്തൻപുറം എന്നീ സ്ഥലങ്ങളിലുള്ള സംഭരണികളുടെ പണി പൂർത്തിയായി. കോയിത്താനത്തുള്ള സംഭരണിയുടെ പണിയും പുരോഗമിക്കുന്നു. ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പണി 70% വും പൂർത്തിയായി.

(ബി) 12/2002-ൽ ശുദ്ധജലവിതരണം നടത്താൻ ലക്ഷ്യമിട്ട മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി)&(ഡി) 12/2000-ൽ ശുദ്ധജലവിതരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 4/2000-ൽ ശുദ്ധീകരിക്കാത്ത വെള്ളം ഉപയോഗിച്ച് പൈപ്പ് ലൈൻ ടെസ്റ്റ് ചെയ്യുന്നതിന് ട്രയൽ പമ്പിംഗ് തുടങ്ങാൻ ഉദ്ദേശിക്കുന്നു.

35 (201) ഗ്രാമീണ ജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ പദ്ധതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly